



# ഇസ്‌ലാം വിരോധം

കവർസ്റ്റോറി ●

ഇ.സി സൈമൺ മാസ്റ്റർ

**കൊടികുത്തി** വാഴുന്നു ഇസ്‌ലാംവിരോധം, ലോകമെങ്ങും. എന്താണതിനു കാരണം? ന്യായീകരണം എന്തെങ്കിലുമുണ്ടോ കടുത്ത ശത്രുതയല്ലാതെ. എഴുപതു കൊല്ലത്തോളം ക്രൈസ്തവനായി ജീവിച്ച് ആധികാരികമായും അല്ലാതെയും ആ മതത്തെപ്പറ്റി പഠിക്കുകയും മനസ്സിലാക്കുകയും ചെയ്ത് ജീവിതസായാഹ്നത്തിൽ ആ മതം ഉപേക്ഷിച്ച് ഇസ്‌ലാം സ്വീകരിച്ച് ശുഭാപ്തി വിശ്വാസത്തോടെ സമാധാനത്തിലും സംതൃപ്തിയിലും ജീവിക്കുന്ന ഒരാളെന്ന നിലയിൽ ഇന്നത്തെ ഇസ്‌ലാംവിരുദ്ധ കോലാഹലങ്ങൾ കാണുമ്പോൾ അതിലിടപെടാതിരിക്കുന്നത് അനീതിക്ക് കൂട്ടുനിൽക്കുന്നതിന് തുല്യ

മായിരിക്കുമെന്നതിനാലാണ് ഈ വരികൾ കുറിക്കുന്നത്.

ഇസ്ലാംവിരോധം അധികപക്ഷവും തെറ്റിദ്ധാരണയിൽ നിന്ന് ഉടലെടുക്കുന്നതാണ് എന്നാണ് എന്റെ വിശ്വാസം. പരസ്പരം മനസ്സിലാക്കുന്നതിലും മനസ്സിലാക്കി കൊടുക്കുന്നതിലും ഇരു മതങ്ങൾക്കും സംഭവിച്ച വീഴ്ചകളും പോരായ്മകളുമാണ് ഇന്ന് കാണുന്ന സംശയങ്ങൾക്കും വിശ്വാസക്കുറവുകൾക്കും മൂല കാരണം. രണ്ടു മതങ്ങളിലെയും പ്രധാന പ്രവാചകന്മാർ തമ്മിലും മത ഗ്രന്ഥങ്ങൾ തമ്മിലുമുള്ള ബന്ധവും അടുപ്പവും പഠിപ്പിച്ച് ബോധ്യപ്പെടുത്തുന്നതിൽ ഇരു മതങ്ങൾക്കും പരാജയം സംഭവിച്ചിട്ടുണ്ടെന്ന് പറയാതിരിക്കാൻ വയ്യ.

ഇസ്ലാം സ്വീകരിച്ചത് അബദ്ധമായോ ആക്ഷേപമായോ കാണുന്നവനല്ല ഈ വ്യക്തി. പത്തു കൊല്ലത്തോളമുള്ള ഇസ്ലാമിക ജീവിതം അപമാനമായി ഒട്ടും കാണുന്നില്ല. മറിച്ച് ഭാഗ്യമായും അഭിമാനമായും മാത്രമേ കാണുന്നുള്ളൂ. ദൈവത്തിൽനിന്ന് ലഭിച്ച വരദാനം എന്ന് നന്ദിയോടെ സ്മരിക്കുന്നു. മുസ്ലിം ആയി ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യണമേ എന്നാണ് ഇന്നത്തെ ഏറ്റവും പ്രധാനമായ എന്റെ പ്രാർഥന. "വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവോട് ശരിയാംവിധം ഭക്തിപുലർത്തുക. നിങ്ങൾ മുസ്ലിംകളായല്ലാതെ മരിക്കരുത്" (3:102).

എന്തുകൊണ്ട് അത് അങ്ങനെ എന്നു വിശദീകരിക്കാം, ക്രൈസ്തവ വിരോധം ഇല്ലാതെ സത്യസന്ധമായും നിർഭയമായും.

മുസ്ലിം എന്നാൽ അബ്ദുവോ അബ്ദുല്ലയോ അല്ല. അബ്രഹാം, മോസസ്, യേശു, മുഹമ്മദ് തുടങ്ങിയ പ്രവാചകന്മാർ വഴി ലഭിച്ച ദൈവ കൽപനകൾ അനുസരിച്ചും പ്രവാചകന്മാരെ മാതൃകയാക്കിയും പൂർണമായി ദൈവത്തിനു വഴങ്ങി സൽകർമങ്ങൾ ചെയ്ത് ജീവിക്കുക എന്നാണ്. അങ്ങനെ ജീവിക്കുന്ന ആൾ ആരായാലും അയാൾ മുസ്ലിം ആയി. വിശാലമായ ആ അർഥത്തിലാണ് യേശു ഉൾപ്പെട്ട എല്ലാ പ്രവാചകന്മാരെയും മുസ്ലിംകൾ ആയി കണക്കാക്കി ഇസ്ലാം മത വിശ്വാസികൾ ആദരിക്കുന്നതും സ്നേഹിക്കുന്നതും. പ്രവാചകന്മാർക്കിടയിൽ യാതൊരു വിവേചനവും മുസ്ലിംകൾക്ക് പാടില്ല.

ഖുർആൻ പറയുന്നു: "നിങ്ങൾ പ്രഖ്യാപിക്കുക: ഞങ്ങൾ അല്ലാഹുവിലും അവനിൽനിന്ന് അവതരിച്ചുകിട്ടിയ ദിവ്യബോധനത്തിലും വിശ്വസിക്കുന്നു. ഇബ്റാഹീമിനും ഇസ്മാഈലിനും ഇസ്ഹാഖിനും യഅ്ഖൂബിനും സന്തതികൾക്കും മൂസക്കും ഈസക്കും മറ്റു പ്രവാചകന്മാർക്കും സ്വന്തം നാഥനിൽനിന്ന് അവതരിച്ചു കിട്ടിയതിലും വിശ്വസിക്കുന്നു ഞങ്ങൾ. അവരിലാർക്കും ഒരു വ്യത്യാസവും ഞങ്ങൾ കൽപിക്കുന്നില്ല. ഞങ്ങൾ അല്ലാഹുവിന് കീഴ്പ്പെട്ടവരാണ്" (2:136).

മുഹമ്മദ് നബിയെപ്പറ്റി എത്ര മോശം പരാമർശങ്ങളോ ചിത്രീകരണങ്ങളോ ഉണ്ടായാലും അതിനു പകരമായി യേശുവിനെക്കുറിച്ച് വസ്തുതകൾക്ക് നിരക്കാത്തവിധം മോശമായി പ്രതികരിക്കുക മുസ്ലിമിന് സാധ്യമല്ല. ആരെങ്കിലും അങ്ങനെ ഒരു സാഹസമോ അവിവേകമോ ചെയ്താൽ ആ നിമിഷം അയാൾ ഇസ്ലാമിന് പുറത്തായിരിക്കുമെന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്. യേശുവും മുഹമ്മദും ഖുർആനും തമ്മിലുള്ള ഈ അഭേദ്യ ബന്ധം മനസ്സിലാക്കാതെയാണ് യേശു ക്രിസ്തുവിനെയോ അദ്ദേഹത്തിന്റെ മതത്തെയോ വേണ്ടവിധം അറിയാത്ത ചിലർ അന്ധമായ യേശു ഭക്തിയുടെ പേരിൽ ഇസ്ലാമിനെയും മുഹമ്മദ് നബിയെയും പരിശുദ്ധ ഖുർആനെയും നിന്ദിക്കുകയും കരിവാരിത്തേക്കുകയും ചെയ്തുകൊണ്ട് യേശുവിനെ താങ്ങിനിർത്താൻ എന്തോ മഹാ കാര്യം തങ്ങൾ ചെയ്യുന്നു എന്ന മിഥ്യാധാരണയിൽ സായൂജ്യമടയുന്നത്.

ക്രൈസ്തവതയിൽനിന്ന് വിട്ടുപോന്നു എന്നു പറഞ്ഞാൽ യേശുവിനെ ഉപേക്ഷിച്ചു എന്നോ അദ്ദേഹത്തിന്റെ പേരിലുള്ള മതത്തെ ശത്രുപക്ഷത്തായി കാണുന്നു എന്നോ വിവക്ഷയില്ല. "യേശുവേ എന്റെ ദൈവമേ, യേശുവേ എന്റെ ദൈവമേ" എന്നു വിളിച്ചു പ്രാർഥിക്കാൻ മനസ്സാക്ഷി സമ്മതിക്കുന്നില്ലെന്നേ ഉള്ളൂ. യേശുവിനെ ദൈവമേ എന്നു വിളിക്കുമ്പോൾ മനസ്സിൽ മറ്റൊരു ചോദ്യം ഉയരുന്നു, എന്റെ ദൈവമേ എന്റെ ദൈവമേ എന്നു വിളിച്ച് അദ്ദേഹം പ്രാർഥിച്ചത് ആരോടായിരുന്നു? അവസാന ദിവസവും അത്താഴത്തിനു ശേഷം അദ്ദേഹം ദൈവത്തോട് പ്രാർഥിച്ചതായി ബൈബിൾ വിവരിക്കുന്നുണ്ട്. അതി പ്രധാനമായ ആ സന്ധ്യാസമയത്ത് പ്രാർഥനയിൽ പങ്കെടുക്കാതെ ഉറങ്ങിക്കൊണ്ടിരുന്ന ശിഷ്യന്മാരെ യേശു കുറ്റപ്പെടുത്തി സംസാരിക്കുന്നതും ബൈബിളിൽ കാണാം. ഉറങ്ങാതെ ഉണർന്നിരുന്നു പ്രാർഥിക്കാൻ ശിഷ്യരോട് നിർദേശിച്ച ശേഷം അദ്ദേഹം വീണ്ടും പോയി പ്രാർഥിക്കുന്നതായാണ് വിവരണം. സന്ധ്യക്ക് ശേഷം നടത്തിയ രണ്ട് പ്രാർഥനകളും മുസ്ലിം പ്രാർഥനാ രീതിയോട് യോജിക്കുന്നു. ശിരസ്സ് നിലത്ത് മുട്ടിച്ചായിരുന്നു നമസ്കാരം.

യേശുവിന്റെ മാതൃക പിൻപറ്റി അദ്ദേഹം പ്രാർഥിച്ച ദൈവത്തോട് പ്രാർഥിക്കാനും ആ ദൈവത്തെ ആരാധിക്കാനും ആയിരുന്നു എന്റെയും ശ്രമം. യേശുവിനെ ദൈവമാക്കി ദൈവമെന്ന നിലയിൽ അദ്ദേഹത്തോട് പ്രാർഥിക്കുന്ന ആരെയും ബൈബിളിൽ കാണാൻ എനിക്ക് കഴിഞ്ഞിട്ടില്ല. യേശു സുഖപ്പെടുത്തി കൊടുത്ത ഒരു പിശാച് ബാധിതൻ മാത്രമേ 'മഹോന്നതനായ ദൈവത്തിന്റെ പുത്രാ' എന്ന് അദ്ദേഹത്തെ സംബോധന ചെയ്യുന്നതായി ബൈബിളിൽ കാണുന്നുള്ളൂ (മാർക്കോസ് 5:1–16). സുബോധം നശിച്ച ഒരു പിശാചു ബാധിതനെ മാതൃകയാക്കി യേശുവിനെ ദൈവപുത്രാ എന്നു വിളിക്കാൻ എനിക്കാവില്ല. കാരണം ദൈവത്തിനു പിതാവോ മാതാവോ പുത്രനോ പുത്രിയോ ഭാര്യയോ ഇല്ല. അങ്ങനെ ഒരാവശ്യവും അവനില്ല.

മുസ്‌ലിംകളെ പ്രകോപിതരാക്കാനും മതവികാരം വ്രണപ്പെടുത്തി സമാധാനാന്തരീക്ഷം ഇല്ലാതാക്കി രംഗം വഷളാക്കാനും അതിൽനിന്ന് മുതലെടുക്കാനും ചില തീവ്രവാദികൾ ബോധപൂർവം ശ്രമിക്കുന്നുണ്ട്. കാര്യസാധ്യത്തിന് വേണ്ടി ഏതു ഹീനകൃത്യത്തിനും മടിയില്ലാത്തവരാണ് അവർ. അവരെ തിരിച്ചറിയാനും അവരുടെ കെണിയിൽ വീണുപോകാതിരിക്കാനുമുള്ള വിവേകം മുസ്‌ലിംകൾ കാണിക്കേണ്ടിയിരിക്കുന്നു.

## പ്രവാചക നിന്ദ

ഈ അടുത്തിടെ എനിക്കൊരു പുസ്തകം അയച്ചുകിട്ടി. പ്രവാചകനെയും ഖുർആനെയും അകാരണമായി കടന്നാക്രമിക്കുന്ന ഒരു ക്ഷുദ്ര കൃതി. ക്ഷമയുടെ എല്ലാ സീമകളെയും ലംഘിക്കുന്നതാകയാൽ ഏതാനും പേജുകൾ മറിച്ചു നോക്കാനേ എനിക്കു കഴിഞ്ഞുള്ളൂ. ഖുർആൻ പിശാചിന്റെ വചനം എന്നാണ് തറപ്പിച്ചും ആവർത്തിച്ചുമുള്ള അയാളുടെ ജൽപനം. മുഹമ്മദ് നബിക്ക് ദൈവികസന്ദേശം എത്തിച്ചുകൊടുത്തത് ജിബ്‌രീൽ എന്ന മാലാഖ ആയിരിക്കുകയില്ലെന്നും മറിച്ച് പിശാചിന്റെ ദൂതനായിരിക്കുമെന്നാണ് അയാളുടെ നിഗമനം. അല്ലാഹു എന്നത് പിശാചിന്റെ പര്യായമാണെന്നും അയാൾ ശഠിക്കുന്നു. മുഹമ്മദ് നബിയെ സാത്താന്റെ പ്രവാചകനും വക്താവുമായി ചിത്രീകരിക്കുകയാണ് അയാൾ. നബിയെ സന്ദർശിച്ച മാലാഖ ദൈവദൂതനായിരുന്നില്ലെന്നും സാത്താന്റെ ദൂതനായിരുന്നെന്നും പറയുന്ന അയാൾക്ക് അതിന് തെളിവായി യാതൊന്നുമില്ല ഉദ്ധരിച്ചുകാട്ടാൻ.

എന്തുകൊണ്ടോ എന്റെ കാര്യത്തിൽ വലിയ താൽപര്യമാണ് അയാൾക്ക്. ഇടക്കിടക്ക് ഫോൺ വിളിക്കും. ഞാൻ ഇപ്പോൾ ചെന്നുപെട്ടിരിക്കുന്നത് വല്ലാത്തൊരു നാശത്തിന്റെ പാതയിലാണെന്നും നരകത്തിലേക്കുള്ള ഈ വഴിയിൽനിന്ന് പിന്തിരിഞ്ഞ് സത്യത്തിന്റെയും രക്ഷയുടെയും പഴയ മാർഗത്തിലേക്ക് തിരിച്ചുവരണമെന്നുമാണ് ആഹ്വാനം. ഞാൻ നശിക്കുന്നത് കാണാൻ അയാൾക്ക് തീരെ ആഗ്രഹമില്ല പോലും. അതുകൊണ്ടാണ് രക്ഷാമാർഗത്തിലേക്ക് വീണ്ടും വീണ്ടും ക്ഷണിക്കുന്നതത്രെ.

മുഹമ്മദ് നബിയുടെ അടുത്തുവന്നത് ദൈവദൂതൻ ആവാൻ വഴിയില്ലെന്ന് ഊഹിക്കുന്ന അയാളോട് വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ഞാൻ ചില മറുചോദ്യങ്ങൾ ഉന്നയിച്ചു. മുഹമ്മദ് നബിയെ സാത്താൻ സന്ദർശിച്ചു എന്ന് ആക്ഷേപിക്കലും പരിഹസിക്കലും മാത്രം ലക്ഷ്യം വെച്ചുള്ള പ്രസ്താവനകളായിരുന്നതുകൊണ്ട് സത്യത്തോട് നീതിപുലർത്തുക അയാൾക്ക് ആവശ്യമായിരുന്നില്ല.

നബിയോട് സംസാരിച്ചത് പിശാചിന്റെ ദൂതനാവാനേ തരമുള്ളൂ എന്ന് ആവർത്തിക്കുന്ന അയാളെ യേശുവിനെ സന്ദർശിച്ച് ചോദ്യങ്ങൾ ചോദിച്ച് പരീക്ഷിച്ച യഥാർഥ പിശാചിനെപ്പറ്റിയുള്ള ബൈബിൾ വിവരണങ്ങൾ ഞാൻ പറഞ്ഞു കേൾപ്പിച്ചു. നേരിട്ടുള്ള സംഭാഷണങ്ങളിലൂടെ മൂന്നു പ്രാവശ്യം പിശാച് യേശുവിനെ പരീക്ഷിച്ചു എന്നാണ് ബൈബിൾ വിവരണം. ഈ മൂന്നു പ്രാവശ്യവും തൗറാത്തിലെ (ബൈബിൾ പഴയ നിയമം) ദൈവവചനങ്ങൾ ഉദ്ധരിച്ച് യേശു പിശാചിനെ പരാജയപ്പെടുത്തുന്നു (മത്തായി 4:1–11, ലൂക്കാ 4:1–13). യേശു ദൈവമല്ലെന്നുള്ളതിന് നല്ലൊരു തെളിവുകൂടിയാണ് സാത്താന്റെ ഈ പരീക്ഷണം.

മുഹമ്മദ് നബിയെ പിശാച് സന്ദർശിച്ചിരിക്കാൻ സാധ്യതയുണ്ടെന്ന് ആക്ഷേപിക്കാൻ നോക്കുന്ന ഈ ഇസ്‌ലാംവിരോധി ബൈബിൾ വിവരിക്കുന്ന യേശു–സാത്താൻ സംഭാഷണം അറിയുന്നില്ലെന്ന് നടിക്കുന്നു. ഫോൺ വിളിച്ച് എന്നെ രക്ഷാമാർഗത്തിലേക്ക് ക്ഷണിക്കുന്ന ഈ മനുഷ്യൻ നബിതിരുമേനിയെപ്പറ്റി വളരെ മോശമായി വീണ്ടും വീണ്ടും പിശാച്, സാത്താൻ എന്നെല്ലാം ആവർത്തിച്ചു പറഞ്ഞപ്പോൾ അൽപം സമനില തെറ്റിയാവണം ഒരിക്കൽ ഞാൻ ചോദിച്ചുപോയി: "ഫോണിന്റെ



മറ്റേ തലക്കലിരുന്ന് ഇപ്പോൾ എന്നോട് സംസാരിക്കുന്നതും ആ പിശാചുതന്നെയാണോ?"

പതിവില്ലാത്ത സംസാര രീതി കേട്ട് അടുത്തിരുന്ന എന്റെ കൊച്ചു മകൻ ചോദിച്ചു: "അപ്പൂപ്പന് ദേഷ്യം വന്നോ?" ഞാൻ പറഞ്ഞു: "എങ്ങനെ വരാതിരിക്കും?" ഇന്ന് എന്റെ വീട്ടിൽ എല്ലാവർക്കും അയാളെ അറിയാം. ആരും നേരിൽ കണ്ടിട്ടില്ലെങ്കിലും.

**ക്രൈസ്തവരെക്കുറിച്ച് ഖുർആൻ**

ഇല്ലാത്തത് പറഞ്ഞു പരത്തി ഇസ്‌ലാംവിരോധം കുത്തിവെക്കാൻ ശത്രുക്കൾ ഹീനതന്ത്രം മെനയുകയാണെങ്കിലും, ക്രൈസ്തവരെപ്പറ്റി വളരെ വസ്തുനിഷ്ഠമായ പല പരാമർശങ്ങളും ഖുർആനിൽ കാണാൻ കഴിയും. "മനുഷ്യരിൽ സത്യവിശ്വാസികളോട് ഏറ്റവും കൂടുതൽ ശത്രുതയുള്ളവർ യഹൂദരും ബഹുദൈവാരാധകരുമാണെന്ന് നിശ്ചയമായും നിനക്ക് കാണാം. ഞങ്ങൾ ക്രിസ്ത്യാനികളാണ് എന്ന് പറഞ്ഞവരാണ് വിശ്വാസികളോട് കൂടുതൽ സ്നേഹമുള്ളവരെന്നും നിനക്ക് കാണാം. അവരിൽ പണ്ഡിതന്മാരും ലോക പരിത്യാഗികളായ പുരോഹിതന്മാരുമുണ്ടെന്നതും അവർ അഹന്ത നടിക്കുന്നില്ലെന്നതുമാണ് ഇതിനു കാരണം. സത്യം മനസ്സിലായതിനാൽ ദൈവദൂതന് അവതീർണമായ വചനങ്ങൾ കേൾക്കുമ്പോൾ അവരുടെ കണ്ണുകളിൽ നിന്ന് കണ്ണീരൊഴുകുന്നത് നിനക്ക് കാണാം. അവരിങ്ങനെ പ്രാർഥിക്കുന്നു: ഞങ്ങളുടെ നാഥാ! ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതിനാൽ ഞങ്ങളെയും നീ സത്യസാക്ഷികളുടെ കൂട്ടത്തിൽ പെടുത്തേണമേ" (5:82,83).

"വേദവിശ്വാസികളിലൊരു വിഭാഗം നീയൊരു സ്വർണക്കൂമ്പാരം തന്നെ വിശ്വസിച്ചേൽപിച്ചാലും അത് തിരിച്ചുതരുന്നവരാണ്. മറ്റൊരു വിഭാഗമുണ്ട്; കേവലം ഒരു ദീനാർ വിശ്വസിച്ചേൽപിച്ചാൽ പോലും നിനക്ക് അവരത് മടക്കിത്തരില്ല. നീ നിരന്തരം പിൻതുടർന്നാലല്ലാതെ. അതിനുകാരണം അവരിങ്ങനെ വാദിച്ചുകൊണ്ടിരിക്കുന്നതാണ്: 'ഈ നിരക്ഷരരുടെ കാര്യത്തിൽ ഞങ്ങൾക്ക് കുറ്റമുണ്ടാവാനിടയില്ല.' അവർ ബോധപൂർവം അല്ലാഹുവിന്റെ പേരിൽ കള്ളം പറയുകയാണ്" (3:75).

മർയമിനെപ്പറ്റി ഏറ്റവും നല്ല പരാമർശങ്ങളേ ഖുർആനിൽ കാണാൻ കഴിയൂ. ഒരേ ഒരു സ്ത്രീയുടെ പേരേ ഖുർആനിലുള്ളൂ. യേശുവിന്റെ മാതാവ് മർയമിന്റേതാണ് അത്. മർയം എന്ന ഒരധ്യായം തന്നെയുണ്ട് ഖുർആനിൽ. സ്ത്രീകളിൽ ഏറ്റവും ഉന്നത സ്ഥാനം നൽകിക്കൊണ്ട് മർയത്തെ പറ്റി ഖുർആൻ പറഞ്ഞു: "മാലാഖമാർ പറഞ്ഞതോർക്കുക: മർയം, അല്ലാഹു നിന്നെ പ്രത്യേകം തെരഞ്ഞെടുത്തിരിക്കുന്നു. വിശുദ്ധയും ലോകത്തിലെ മറ്റേതു സ്ത്രീകളെക്കാളും വിശിഷ്ടയുമാക്കിയിരിക്കുന്നു. മർയം, നീ നിന്റെ നാഥനോട് ഭക്തി പുലർത്തുക. അവനെ സാഷ്ടാംഗം പ്രണമിക്കുക. തലകുനിക്കുന്നവരോടൊപ്പം നമിക്കുക" (3:42,43).

മർയമിനെപ്പറ്റി മാത്രമല്ല മർയമിന്റെ മാതാവിനെപറ്റിയുമുണ്ട് ഖുർആൻ പരാമർശം. മർയമിന്റെ ജനനത്തെപ്പറ്റി ഖുർആൻ ഇങ്ങനെ പറയുന്നു: "ഓർക്കുക: ഇംറാന്റെ ഭാര്യ ഇങ്ങനെ പ്രാർഥിച്ച സന്ദർഭം. എന്റെ നാഥാ! എന്റെ വയറ്റിലെ കുഞ്ഞിനെ നിന്റെ സേവനത്തിനായി സമർപ്പിക്കാൻ ഞാൻ നേർച്ചയാക്കിയിരിക്കുന്നു. എന്നിൽനിന്ന് നീയിത് സ്വീകരിക്കേണമേ. നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമല്ലോ."

പിന്നീട് ആ കുഞ്ഞിനെ പ്രസവിച്ചപ്പോൾ അവൾ പറഞ്ഞു: "എന്റെ നാഥാ, ഞാൻ പ്രസവിച്ചത് പെൺകുഞ്ഞിനെയാണ്. അവൾ പ്രസവിച്ചത് ആരെയെന്ന് നന്നായി അറിയുന്നവനാണ് അല്ലാഹു–ആൺകുഞ്ഞ് പെൺകുഞ്ഞിനെപ്പോലെയല്ലല്ലോ. ആ കുഞ്ഞിനെ ഞാൻ മർയം എന്നു പേരിട്ടിരിക്കുന്നു. അവളെയും അവളുടെ സന്താന പരമ്പരകളെയും ശപിക്കപ്പെട്ട പിശാചിൽനിന്ന് രക്ഷിക്കാനായി ഞാനിതാ നിന്നിൽ അഭയം തേടുന്നു. അങ്ങനെ അവളുടെ നാഥൻ അവളെ നല്ല നിലയിൽ സ്വീകരിച്ചു. മെച്ചപ്പെട്ട രീതിയിൽ വളർത്തിക്കൊണ്ടുവന്നു. സകരിയ്യായെ അവളുടെ സംരക്ഷകനാക്കി. സക്കരിയ്യ മിഹ്റാബിൽ അവളുടെ അടുത്തു ചെന്നപ്പോഴെല്ലാം അവൾക്കരികെ ആഹാര പദാർഥങ്ങൾ കാണാറുണ്ടായിരുന്നു. അതിനാൽ അദ്ദേഹം ചോദിച്ചു: മർയം നിനക്ക് എവിടെനിന്നാണിത് കിട്ടുന്നത്? അവൾ അറിയിച്ചു: ഇത് അല്ലാഹുവിങ്കൽനിന്നുള്ളതാണ്. അല്ലാഹു അവനിഛിക്കുന്നവർക്ക് കണക്കറ്റ് കൊടുക്കുന്നു" (3:35–37).

നബിയുടെ കാലത്ത് ക്രൈസ്തവരായ റോമാ സാമ്രാജ്യക്കാരും അവിശ്വാസികളായ പേർഷ്യക്കാരും തമ്മിൽ യുദ്ധം നടന്നപ്പോൾ റോമാക്കാരോടായിരുന്നു തിരുമേനിക്ക് അനുഭാവം. യുദ്ധത്തിൽ ക്രൈസ്തവർക്ക് താൽക്കാലിക പരാജയം സംഭവിച്ചപ്പോൾ അവരെ ആശ്വസിപ്പിച്ചുകൊണ്ടും വൈകാതെ തന്നെ അവർക്ക് വിജയം വന്നെത്തുമെന്നു ശുഭവാർത്ത അറിയിച്ചുകൊണ്ടും ഖുർആൻ അവതരിച്ചു.

"റോമാക്കാർ പരാജിതരായിരിക്കുന്നു. അടുത്ത നാട്ടിലാണിതുണ്ടായത്. തങ്ങളുടെ പരാജയത്തിനു ശേഷം അവർ വിജയം വരിക്കും. ഏതാനും കൊല്ലങ്ങൾക്കകമിതുണ്ടാകും. മുമ്പും പിമ്പും കാര്യങ്ങളുടെ നിയന്ത്രണം അല്ലാഹുവിന്റെ കരങ്ങളിലാണ്. അന്ന് സത്യവിശ്വാസികൾ സന്തോഷിക്കും. അല്ലാഹുവിന്റെ സഹായത്താലാണിതുണ്ടാവുക. അവനിഛിക്കുന്നവരെ അവൻ സഹായിക്കുന്നു. അവൻ പ്രതാപിയും പരമദയാലുവുമാണ്" (30:2–5).

പത്തു കൊല്ലങ്ങൾക്കകം റോമക്കാർ വിജയിക്കുകതന്നെ ചെയ്തു.

വേദക്കാരായ ക്രൈസ്തവരുമായി ആശയവിനിമയം നടത്തുമ്പോഴും ഇസ്‌ലാം എന്തെന്ന് അവരെ ബോധ്യപ്പെടുത്താൻ ശ്രമിക്കുമ്പോഴും മുസ്‌ലിംകൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഖുർആൻ ആവശ്യപ്പെടുന്നു.

"ഏറ്റവും നല്ല രീതിയിലല്ലാതെ നിങ്ങൾ വേദക്കാരുമായി സംവാദത്തിലേർപ്പെടരുത്; അവരിലെ അതിക്രമികളോടൊഴികെ. നിങ്ങൾ പറയുക: ഞങ്ങൾക്ക് ഇറക്കിത്തന്നതിലും നിങ്ങൾക്ക് ഇറക്കിത്തന്നതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ ദൈവവും നിങ്ങളുടെ ദൈവവും ഒന്നുതന്നെ. ഞങ്ങൾ അവനെ മാത്രം അനുസരിക്കുന്നവരാണ്" (29:46).

ചർച്ചകളിലും സംവാദങ്ങളിലും ഇസ്‌ലാമിന്റെ മികവ് എടുത്തു കാണിക്കാനും സ്ഥാപിച്ചെടുക്കാനും വേണ്ടി ക്രൈസ്തവരെ കീഴ്പ്പെടുത്താനോ പരാജയപ്പെടുത്താനോ നടത്തുന്ന ശ്രമങ്ങൾ അവർ അകന്നുപോകാൻ ഇടയാക്കിയേക്കും. ഉദ്ദേശിച്ചതിന്റെ വിപരീത ഫലമേ അതുകൊണ്ടുണ്ടാവൂ. ഗുണകാംക്ഷയോടെയുള്ള സ്നേഹ സംവാദങ്ങളും ആശയ വിനിമയ ചർച്ചകളുമാണ് അഭിലഷണീയം. ആർക്കും ആഗ്രഹമുണ്ടാവില്ല തോൽക്കാനും തോൽപിക്കപ്പെടാനും.

മുഹമ്മദ് നബി ആരാണെന്ന് വളരെ വ്യക്തമായി അല്ലാഹു ഖുർആൻ വെളിപ്പെടുത്തിയിരിക്കുന്നു. "വേദക്കാരേ, ദൈവദൂതന്മാരുടെ വരവ് നിലച്ചുപോയവേളയിൽ നമ്മുടെ ദൂതനിതാ കാര്യങ്ങൾ വിശദീകരിച്ചു തരുന്നവനായി നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നു. 'ഞങ്ങളുടെ അടുത്ത് ശുഭവാർത്ത അറിയിക്കുന്നവനോ മുന്നറിയിപ്പുകാരനോ വന്നിട്ടില്ലല്ലോ' എന്ന് നിങ്ങൾ പറയാതിരിക്കാനാണിത്. തീർച്ചയായും നിങ്ങൾക്ക് സന്തോഷവാർത്ത അറിയിക്കുകയും മുന്നറിയിപ്പ് നൽകുകയും ചെയ്യുന്ന ദൂതനിതാ വന്നെത്തിയിരിക്കുന്നു. അല്ലാഹു എല്ലാ കാര്യങ്ങൾക്കും കഴിവുറ്റവൻതന്നെ" (5:19).

"പറയുക: മനുഷ്യരേ, ഞാൻ നിങ്ങളിലെല്ലാവരിലേക്കുമുള്ള, ആകാശഭൂമികളുടെ അധിപനായ അല്ലാഹുവിന്റെ ദൂതനാണ്. അവനല്ലാതെ ദൈവമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും

ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുക. അവന്റെ ദൂതനിലും. അഥവാ നിരക്ഷരനായ പ്രവാചകനിൽ. അദ്ദേഹം അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്നു. നിങ്ങൾ അദ്ദേഹത്തെ പിൻപറ്റുക. നിങ്ങൾ നേർവഴിയിലായേക്കാം" (7:158).

മുഹമ്മദ് നബി എന്ന പ്രവാചകന്റെ വരവിനെപ്പറ്റി മൂസാ നബി അദ്ദേഹത്തിന്റെ ജനതയായിരുന്ന ഇസ്രയേൽക്കാരെ വേണ്ടവിധം മുൻകൂട്ടി അറിയിച്ചിരുന്നു (നിയമാവർത്തനം 18:18,19). മുഹമ്മദ് നബിയുടെ വരവിനെപ്പറ്റി യേശുവും മുൻകൂട്ടി പറഞ്ഞത് യോഹന്നാന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (യോഹ 16:12,13).

ഖുർആൻ എന്താണെന്നും അല്ലാഹു മനുഷ്യരെ അറിയിക്കുന്നുണ്ട് സംശയാതീതമായി. "ഈ വേദപുസ്തകത്തിന്റെ അവതരണം പ്രതാപിയും യുക്തിമാനുമായ അല്ലാഹുവിൽനിന്നാണ്" (45:2).

"നാം ഇറക്കിയ അനുഗ്രഹീത ഗ്രന്ഥം ഇതാ! ഇതിനു മുമ്പുള്ളവയെ ശരിവെക്കുന്നതാണിത്. മാതൃനഗര(മക്ക)ത്തിലും പരിസരങ്ങളിലുമുള്ളവർക്ക് മുന്നറിയിപ്പ് നൽകാനുള്ളതും. പരലോകത്തിൽ വിശ്വസിക്കുന്നവരെല്ലാം ഈ വേദത്തിലും വിശ്വസിക്കുന്നു. അവർ തങ്ങളുടെ നമസ്കാരം നിഷ്ഠയോടെ നിർവഹിക്കുന്നു" (6:92).

"ഈ ഖുർആൻ ഏറ്റവും നേരായ വഴി കാണിച്ചുതരുന്നു. സൽക്കർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് അതിമഹത്തായ പ്രതിഫലമുണ്ടെന്ന് ശുഭവാർത്ത അറിയിക്കുന്നു. പരലോകത്തിൽ വിശ്വസിക്കാത്തവർക്ക് നാം നോവേറിയ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ടെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു" (17:9,10).

മനുഷ്യർക്ക് വേണ്ടി അല്ലാഹു നിശ്ചയിച്ച മതമായ ഇസ്‌ലാം എന്താണെന്നും ഖുർആൻ വിശദീകരിക്കുന്നുണ്ട്: "ഉറപ്പായും അല്ലാഹുവിങ്കൽ മതമെന്നാൽ ഇസ്‌ലാം തന്നെ. വേദപുസ്തകം ലഭിച്ചവർ ഇതിൽനിന്ന് തെന്നിമാറിയത് അവർക്ക് അറിവ് വന്നെത്തിയ ശേഷം മാത്രമാണ്. അവർക്കിടയിലെ കിടമത്സരം കാരണമാണത്. ആരെങ്കിലും അല്ലാഹുവിന്റെ തെളിവുകളെ തള്ളിക്കളയുന്നുവെങ്കിൽ അറിയുക: അല്ലാഹു അതിവേഗം വിചാരണ നടത്തുന്നവനാണ്. അഥവാ, അവർ നിന്നോട് തർക്കിക്കുകയാണെങ്കിൽ പറയുക: ഞാൻ എന്നെ പൂർണമായും അല്ലാഹുവിനു സമർപ്പിച്ചിരിക്കുന്നു; എന്നെ പിന്തുടർന്നവരും."

വേദഗ്രന്ഥം ലഭിച്ചവരോടും അക്ഷരജ്ഞാനമില്ലാത്തവരോടും നീ ചോദിക്കുക: നിങ്ങൾ ദൈവത്തിനു കീഴ്പ്പെട്ടോ? അവർ കീഴ്പ്പെട്ടു കഴിഞ്ഞാൽ ഉറപ്പായും അവർ നേർവഴിയിലായി. അവർ പിന്തിരിഞ്ഞുപോയാലോ അവർക്ക് സന്മാർഗം എത്തിക്കേണ്ട ബാധ്യതയേ നിനക്കുള്ളൂ. അല്ലാഹു തന്റെ ദാസന്മാരുടെ കാര്യം സൂക്ഷ്മമായി വീക്ഷിക്കുന്നവനാണ്" (3:19,20).

"മനുഷ്യ സമൂഹത്തിനായി ഉയിരെടുത്ത ഉത്തമ സമുദായമാണ് നിങ്ങൾ. നിങ്ങൾ നന്മ കൽപിക്കുന്നു. തിന്മ തടയുന്നു. അല്ലാഹുവിൽ വിശ്വസിക്കുന്നു. ഇവ്വിധം വേദക്കാർ വിശ്വസിച്ചിരുന്നെങ്കിൽ അവർക്കതെത്ര നന്നായേനെ! അവരുടെ കൂട്ടത്തിൽ വിശ്വാസികളുണ്ട്. എന്നാൽ ഏറെ പേരും കുറ്റവാളികളാണ്" (3:110).

"നൂഹിനോട് കൽപിച്ചതും നിനക്കു നാം ദിവ്യബോധനമായി നൽകിയതും ഇബ്‌റാഹീം, മൂസാ, ഈസാ എന്നിവരോടനുശാസിച്ചതുമായ കാര്യംതന്നെ അവൻ നിങ്ങൾക്കു മതനിയമമായി നിശ്ചയിച്ചുതന്നിരിക്കുന്നു. 'നിങ്ങൾ ഈ ജീവിത വ്യവസ്ഥ സ്ഥാപിക്കുക; അതിൽ ഭിന്നിക്കാതിരിക്കുകയെന്നതാണത്. നിങ്ങൾ പ്രബോധനം ചെയ്തുകൊണ്ടിരിക്കുന്ന ഈ സന്ദേശം ബഹുദൈവ വിശ്വാസികൾക്ക് വളരെ വലിയ ഭാരമായിത്തോന്നുന്നു. അല്ലാഹു താനിഛിക്കുന്നവരെ തനിക്കുവേണ്ടി പ്രത്യേകം തെരഞ്ഞെടുക്കുന്നു. പശ്ചാത്തപിച്ച് തന്നിലേക്ക് മടങ്ങുന്നവരെ അല്ലാഹു നേർവഴിയിൽ നയിക്കുന്നു" (42:13).

വളരെ വലുതാണ് ഇസ്‌ലാമിനെപ്പറ്റി ക്രൈസ്തവർക്കുള്ള തെറ്റിദ്ധാരണ. ആ മതം സ്ഥാപിച്ചത് മുഹമ്മദ് നബി ആണെന്നാണ് അവരുടെ ധാരണയും വിശ്വാസവും. അദ്ദേഹത്തോട് മുസ്‌ലിംകൾ പ്രാർഥിക്കാറുണ്ടെന്നു വിശ്വസിക്കുന്ന ക്രൈസ്തവർ ഏറെയാണ്. മുസ്‌ലിംകൾ പ്രാർഥിക്കുന്ന അല്ലാഹുവിനെപ്പറ്റി ക്രൈസ്തവർക്ക് പൊതുവെ യാതൊരു ധാരണയുമില്ല. അവർ വിശ്വസിക്കുന്ന ദൈവവും അല്ലാഹുവും ഒന്നുതന്നെയെന്നു മനസ്സിലാക്കിയിട്ടുള്ള ക്രിസ്ത്യാനികൾ തീരെ അപൂർവം. ദൈവത്തിന്റെ അറബിയിലുള്ള പേരാണ് അല്ലാഹുവെന്ന് ക്രൈസ്തവർ മനസ്സിലാക്കിയിട്ടില്ല. നിന്റെ ദൈവമായ കർത്താവ് ഞാനാണ്. ഞാനല്ലാതെ നിനക്കില്ല വേറൊരു ദൈവവും. നിന്റെ ദൈവമായ കർത്താവിനെ പൂർണ ശക്തിയോടും പൂർണ ഹൃദയത്തോടും പൂർണ ആത്മാവോടും കൂടി നീ

സ്നേഹിക്കണം എന്ന ബൈബിളിലെ ഏറ്റവും പ്രധാനമായ കൽപന (ആവർത്തനം 6:1–5) ഈ അല്ലാഹുവിനെക്കുറിച്ചാണെന്ന് ക്രൈസ്തവർ മനസ്സിലാക്കിയിരുന്നെങ്കിൽ പാശ്ചാത്യ ലോകത്ത് ഇന്ന് നടമാടുന്ന ഇസ്‌ലാംവിരോധം ഇത്രയധികം വ്യാപകമാവില്ലായിരുന്നു.

പൂർവ പിതാവായ അബ്രഹാമിന്റെയും ഇസ്മാഈലിന്റെയും ഇസ്ഹാഖിന്റെയും യാക്കോബിന്റെയും ദൈവം എന്നു പറയുമ്പോൾ ഉദ്ദേശിക്കപ്പെടുന്നതും ഈ അല്ലാഹുവിനെ തന്നെയാണ് എന്നതും ക്രൈസ്തവർ മനസ്സിലാക്കേണ്ടിയിരിക്കുന്നു. വളരെ വലുതായ ബോധവത്കരണം കൊണ്ടേ ഇത് സാധ്യമാവൂ.

## ബഹുഭാര്യാത്വവും ബൈബിളും

നബി അനവധി ഭാര്യമാരെ സ്വീകരിച്ചു എന്നാണ് ക്രൈസ്തവ വിമർശകരുടെ ഒരു പ്രധാന ആക്ഷേപം. യാതൊരു തത്ത്വദീക്ഷയുമില്ലാതെ വെറും വൈകാരിക പരിഗണനയിൽ ആയിരുന്നില്ല അദ്ദേഹത്തിന്റെ വിവാഹങ്ങൾ. പ്രധാനമായും മാനുഷിക പരിഗണന വെച്ച് അദ്ദേഹം നടത്തിയ വിവാഹങ്ങൾക്ക് ദൈവികമായ അംഗീകാരമുണ്ടായിരുന്നെന്ന് ഖുർആൻ വെളിപ്പെടുത്തുന്നു. പക്ഷേ, അതിന്റെ ന്യായാന്യായങ്ങൾ പരിശോധിച്ച് വിലയിരുത്തലല്ല വിമർശകരുടെ ലക്ഷ്യം. എങ്ങനെയും ഒരു കറുത്ത പാടു കണ്ടുപിടിച്ച് പെരുപ്പിച്ചു കാണിച്ച് വിലയിടിച്ചു കാണിക്കണം എന്നേയുള്ളൂ.

യേശു വിവാഹിതനായിരുന്നില്ലെന്നുള്ളതാണ് നബിയെ ആക്ഷേപിക്കുന്നതിന് അവർക്ക് കിട്ടുന്ന പ്രചോദനം. മുപ്പത്തിമൂന്നാം വയസ്സിൽ രംഗം വിട്ട യേശു വിവാഹിതനായിരുന്നില്ലെന്നത് അടിസ്ഥാനമാക്കി മറ്റു പ്രവാചകന്മാർക്ക് വിവാഹം പാടില്ലെന്നു വാദിക്കുന്നതിൽ കഴമ്പില്ല. ബൈബിൾ ഒട്ടും തന്നെ പ്രോത്സാഹിപ്പിക്കാത്തതാണ് അങ്ങനെ ഒരു സമീപനം.

നാലു ഭാര്യമാരിൽ കൂടുതൽ പാടില്ലെന്ന് ഇസ്‌ലാം മുസ്‌ലിംകൾക്ക് വിലക്കു കൽപിക്കുമ്പോൾ ക്രൈസ്തവ വിവാഹങ്ങൾക്ക് അത്തരത്തിലുള്ള യാതൊരു നിയന്ത്രണവും ആരും ഒരു കാലത്തും ഏർപ്പെടുത്തിയിട്ടില്ലെന്നതാണ് യാഥാർഥ്യം. പുരോഹിതന്മാർക്കു മാത്രമേ ബാധകമാക്കിയിട്ടുള്ളൂ ഏക ഭാര്യയെന്ന നിബന്ധന. ഏക ഭാര്യയുടെ ഭർത്താക്കന്മാരും സ്വന്തം കുട്ടികളെയും കുടുംബത്തെയും നന്നായി നോക്കി പരിപാലിക്കുന്നവരുമായിരിക്കണം പുരോഹിതന്മാരെന്നാണ് ബൈബിളിലെ അനുശാസനം. പുരോഹിതന്മാർക്ക് ഒരു ഭാര്യയേ പാടുള്ളൂ എന്നു പറയുമ്പോൾ മറ്റുള്ളവർക്ക് കൂടുതൽ ഭാര്യമാർ ഉണ്ടാവുന്നതിൽ തടസ്സമില്ലെന്നാണ് ധ്വനി (1 തിമോത്തി 31:1–12).

അനേകം സ്ത്രീകളെ വിവാഹം ചെയ്ത പല പ്രമുഖരെപ്പറ്റിയും ബൈബിൾ അഭിമാനപൂർവം പ്രതിപാദിക്കുന്നുണ്ട്. അവയൊന്നും നിഷേധിക്കാനോ തള്ളിപ്പറയാനോ ബൈബിൾ പിൻപറ്റുന്നവർക്ക് സാധ്യമല്ല. എഴുന്നൂറ് ഭാര്യമാരും മുന്നൂറ് വെപ്പാട്ടിമാരും ഉണ്ടായിരുന്നു സോളമൻ രാജാവിന് (1 രാജാക്കന്മാർ 11:1,3) എന്നാണ് ബൈബിൾ പരാമർശം. ദാവീദിന്റെ ചരിത്രത്തിലും ഇതുപോലുള്ള പരാമർശങ്ങൾ കാണാം (2 സാമുവൽ 11,12 അധ്യായങ്ങൾ).

## അതിര് കവിയരുത്

മതത്തിന്റെ പേരിൽ അതിരു കടക്കരുതെന്ന് ക്രൈസ്തവരെ ഖുർആൻ താക്കീത് ചെയ്യുന്നതും ഇത്തരുണത്തിൽ ഓർക്കാം. ഖുർആൻ പറയുന്നു: "വേദക്കാരേ, നിങ്ങൾ നിങ്ങളുടെ മതകാര്യത്തിൽ അതിരു കവിയരുത്. അല്ലാഹുവിന്റെ പേരിൽ സത്യമല്ലാത്തതൊന്നും പറയരുത്. മർയമിന്റെ മകൻ മസീഹ് ഈസാ, അല്ലാഹുവിന്റെ ദൂതനും മർയമിലേക്ക് അവനിട്ടു കൊടുത്ത തന്റെ വചനവും അവങ്കൽനിന്നുള്ള ഒരാത്മാവും മാത്രമാണ്. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുക. ത്രിത്വം പറയരുത്. നിങ്ങളത് അവസാനിപ്പിക്കുക. അതാണ് നിങ്ങൾക്കുത്തമം. അല്ലാഹു ഏകനായ ദൈവം മാത്രമാണ്. തനിക്ക് ഒരു പുത്രനുണ്ടാവുകയെന്നതിൽനിന്ന് അവനെത്ര പരിശുദ്ധൻ. ആകാശഭൂമികളിലുള്ളതെല്ലാം അവന്റേതാണ്. കാര്യ നിർവഹണത്തിന് അല്ലാഹു തന്നെ മതി.

"അല്ലാഹുവിന്റെ അടിമയായിരിക്കുന്നതിൽ മസീഹ് ഒട്ടും വൈമനസ്യം കാണിച്ചിട്ടില്ല. ദിവ്യ സാമീപ്യം സിദ്ധിച്ച മലക്കുകളും അങ്ങനെ തന്നെ. അല്ലാഹുവിന് വഴിവെപ്പടുന്നതിൽ വൈമനസ്യം കാണിക്കുകയും അഹന്ത നടിക്കുകയും ചെയ്യുന്നവരെയൊക്കെ അവൻ തന്റെ അടുത്തേക്ക് ഒരുമിച്ചു കൂട്ടുന്നതാണ്.

"എന്നാൽ സത്യവിശ്വാസം സ്വീകരിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരുടെ പ്രതിഫലം അവർക്ക് അവൻ പൂർണമായി നൽകും. അതോടൊപ്പം അവന്റെ ഔദാര്യത്താൽ

കൂടുതലായും കൊടുക്കും. എന്നാൽ അല്ലാഹുവിനു വഴിപ്പെടാൻ വിമുഖത കാണിക്കുകയും അഹന്ത നടിക്കുകയും ചെയ്തവർക്ക് അവൻ നോവേറിയ ശിക്ഷ നൽകും. അല്ലാഹുവെക്കൂടാതെ അവർക്കൊരു ആത്മമിത്രത്തെയോ സഹായിയെയോ കണ്ടെത്താനാവില്ല.

"മനുഷ്യരേ, നിങ്ങളുടെ നാഥങ്കൽ നിന്നുള്ള ന്യായ പ്രമാണം നിങ്ങൾക്കിതാ വന്നെത്തിയിരിക്കുന്നു. എല്ലാം വ്യക്തമായി തെളിയിച്ചു കാണിക്കുന്ന പ്രകാശം നാമിതാ നിങ്ങൾക്ക് ഇറക്കിത്തന്നിരിക്കുന്നു. അതിനാൽ അല്ലാഹുവിൽ വിശ്വസിക്കുകയും അവനുമായി തങ്ങളെ ബന്ധിപ്പിക്കുകയും ചെയ്തവരെ തന്റെ കാരുണ്യത്തിലും അനുഗ്രഹത്തിലും അവൻ പ്രവേശിപ്പിക്കുന്നതാണ്. അവരെ തന്നിലേക്ക് നേർവഴിയിലൂടെ നയിക്കുകയും ചെയ്യും" (4:171–175).

യേശുവിന്റെയും മർയമിന്റെയും പേരിൽ ആരോപിക്കുന്ന അവാസ്തവങ്ങൾക്ക് അന്ത്യ വിധിദിനത്തിൽ ദൈവസമക്ഷം യേശു സമാധാനം ബോധിപ്പിക്കേണ്ടിവരുമെന്ന് ഖുർആൻ മുൻകൂട്ടി അറിവു തരുന്നുണ്ട്. സർവശക്തനായ അല്ലാഹുവിന്റെ തിരുമുമ്പിൽ വരുത്തി യേശുവിനോട് ചോദിക്കുന്ന ചോദ്യവും വിനയാന്വിതനായി അദ്ദേഹം നൽകുന്ന ഉത്തരവും തന്മയത്വത്തോടെ ഖുർആൻ ഇങ്ങനെ വിവരിച്ചിരിക്കുന്നു:

"ഓർക്കുക: അല്ലാഹു ചോദിക്കുന്ന സന്ദർഭം: മർയമിന്റെ മകൻ ഈസാ! 'അല്ലാഹുവെക്കൂടാതെ എന്നെയും എന്റെ മാതാവിനെയും ആരാധ്യരാക്കുവിൻ എന്ന് നീയാണോ ജനങ്ങളോട് പറഞ്ഞത്?' അപ്പോൾ അദ്ദേഹം പറയും: നീ എത്ര പരിശുദ്ധൻ! എനിക്ക് പറയാൻ പാടില്ലാത്ത ഒരു കാര്യം ഞാൻ പറയാവതല്ലല്ലോ. ഞാൻ അങ്ങനെ പറഞ്ഞിരുന്നെങ്കിൽ ഉറപ്പായും നീ അതറിഞ്ഞിരിക്കും. എന്റെ മനസ്സിലുള്ളത് നീ അറിയും. എന്നാൽ നിന്റെ ഉള്ളിലുള്ളത് ഞാനറിയുകയില്ല. തീർച്ചയായും നീ തന്നെയാണ് കണ്ണുകൊണ്ട് കാണാൻ കഴിയാത്തതുപോലും നന്നായറിയുന്നവൻ.

നീ എന്നോട് കൽപിച്ചതല്ലാത്തതൊന്നും ഞാനവരോട് പറഞ്ഞിട്ടില്ല. അഥവാ, 'എന്റെ നാഥനും നിങ്ങളുടെ നാഥനുമായ അല്ലാഹുവെ മാത്രം വഴിപ്പെട്ട് ജീവിക്കണ'മെന്നാണ് ഞാൻ പറഞ്ഞത്. ഞാൻ അവരിലുണ്ടായിരുന്ന കാലത്തോളം അവരുടെ എല്ലാ കാര്യങ്ങൾക്കും സാക്ഷിയായിരുന്നു ഞാൻ. പിന്നെ നീ എന്നെ തിരിച്ചു വിളിച്ചപ്പോൾ അവരുടെ നിരീക്ഷകൻ നീ തന്നെ ആയിരുന്നുവല്ലോ. നീ സകല സംഗതികൾക്കും സാക്ഷിയാകുന്നു. നീ അവരെ ശിക്ഷിക്കുന്നുവെങ്കിൽ തീർച്ചയായും അവർ നിന്റെ അടിമകൾ തന്നെയല്ലോ. നീ അവർക്കു മാപ്പേകുന്നുവെങ്കിലോ, നീ തന്നെയാണല്ലോ പ്രതാപവാനും യുക്തിമാനും."

അല്ലാഹു അറിയിക്കും: സത്യസന്ധന്മാർക്ക് തങ്ങളുടെ സത്യം ഉപകരിക്കും ദിനമാണിത്. അവർക്ക് താഴ്ഭാഗത്തു കൂടി അരുവികളൊഴുകുന്ന സ്വർഗീയാരാമങ്ങളുണ്ട്. അവരവിടെ സ്ഥിരവാസികളായിരിക്കും. അവരെക്കുറിച്ച് അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവൻ അവനെപ്പറ്റിയും സംതൃപ്തരാണ്. അതത്രെ അതിമഹത്തായ വിജയം! ആകാശ ഭൂമികളുടെയും അവയിലുള്ളവയുടെയും ആധിപത്യം അല്ലാഹുവിനു മാത്രമാണ്. അവൻ എല്ലാ കാര്യങ്ങൾക്കും കഴിവുറ്റവനാണ്" (5:116–120). ■